## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.558**

**01/12/2015 ൽ**
**മറുപടിയ്ക്ക്**

## ഖാദി ഗ്രാമവ്യവസായ പദ്ധതികൾ

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

(എ) ഖാദി ഗ്രാമ വ്യവസായ വകുപ്പ് പുതിയ സംരംഭകർക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) പുതിയ സംരംഭകർക്കായി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ "പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP)","സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി എന്റെ ഗ്രാമം പദ്ധതിയും" നടപ്പിലാക്കി വരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി**

1.ഉല്പന്ന നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെയും സേവനം പ്രദാനം ചെയ്യുന്നവയ്ക്ക് 10 ലക്ഷം രൂപ വരെയുമുള്ള പദ്ധതികൾ പുതിയ സംരംഭകർക്ക് ഏറ്റെടുക്കാവു ന്നതാണ്.

2.പൊതുവിഭാഗത്തിൽ മൊത്തം പദ്ധതി ച്ചെലവിന്റെ 90 ശതമാനവും പ്രത്യേക വിഭാഗത്തിൽ മൊത്തം പദ്ധതി ചെലവിന്റെ 95 ശതമാനവും ബാങ്കുകൾ വായ്പയായി അനുവദിക്കുന്നതാണ്.

3. പൊതുവിഭാഗത്തിന് മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനവും പ്രത്യേക വിഭാഗത്തിന് (പട്ടികജാതി/ പട്ടികവർഗ്ഗം /പിന്നോക്കം/ വനിതകൾ/ വിമുക്തഭടന്മാർ/വികലാംഗർ മുതലായവ) 35 ശതമാനവും മാർജിൻമണിയായി അനുവദിക്കും.

**എന്റെ ഗ്രാമം പദ്ധതി**

1. ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ബാങ്ക് വായ്പയുടെ 25% മുതൽ 40% വരെ മാർജിൻ മണി ലഭ്യമാക്കുന്ന പദ്ധതിയാണ് "എന്റെ ഗ്രാമം പ്രത്യേക തൊഴിൽദാന പദ്ധതി".

2. പദ്ധതിയിൽ അപേക്ഷിക്കാവുന്ന പ്രൊജക്ടിന്റെ പരമാവധി പദ്ധതിച്ചെലവ് 5,00,0 (അഞ്ചു ലക്ഷം ) രൂപയാണ്. മൂലധനച്ചെലവിന്റെ (കെട്ടിടം, യന്ത്ര സാമഗ്രികൾ) ഓരോ ഒരു ലക്ഷം രൂപയ്ക്കും കുറഞ്ഞത് ഒരാൾക്ക് തൊഴിൽ ലഭ്യമാക്കണം.

3. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 25% മാർജിൻമണിയായി ലഭിക്കുന്നതാണ്. പിന്നോക്ക വിഭാഗക്കാർക്കും, സ്ത്രീകൾക്കും പ്രോജക്ട് കോസ്റ്റിന്റെ 30%വും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 40%മാർജിൻമണി ലഭിക്കുന്നതാണ്.

(ബി) യുവസംരംഭകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

(ബി) "പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)"യുടേയും "സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവ എന്റെ ഗ്രാമം" പദ്ധതിയുടേയും മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

**പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)യുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നവയാണ്.**

1. നിർമ്മാണ മേഖലയിൽ 10 ലക്ഷം രൂപയും സേവന മേഖലയിൽ 5 ലക്ഷം രൂപയും മുകളിൽ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സംരംഭകർ കുറഞ്ഞത് എട്ടാം ക്ലാസ്സ് ജയിച്ചിരിക്കണം.മറ്റുള്ളവർക്ക് വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.

2. സംരംഭകർ അംഗികൃത സ്ഥാപനത്തിൽ നിന്നും നിശ്ചിത കാലയളവില്ലുള്ള ഇ.ഡി.പി.(സംരംഭകത്വ പരിശീലന പരിപാടി) പരിശീലനം പൂർത്തിയാക്കിയിരിക്കണം. അംഗീകൃത സ്ഥാപനത്തിൽ നിന്നും നിശ്ചിത കാലയളവിൽ മുമ്പ് നേടിയിട്ടുള്ള ഇ.ഡി.പി. പരിശീലനം പരിഗണിക്കുന്നതാണ്.

3. കയർ ഉൾപ്പെടെയുള്ളതും എന്നാൽ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ ഏതു വ്യവസായത്തിനും അപേക്ഷിക്കാം.

4. ആളോഹരി മൂലധനച്ചെലവ് (പ്രവർത്തന മൂലധനം ഒഴികെ) 1 ലക്ഷത്തിൽ കവിയാത്തതായിരിക്കണം തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായം.

5. അപേക്ഷകന് വരുമാന പരിധി ബാധകമല്ല.

6. പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭങ്ങൾക്കു മാത്രമെ അപേക്ഷിക്കാൻ യോഗ്യതയുള്ളു.

7. നിലവിലുള്ള യൂണിറ്റുകൾക്കും കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ളതുമായ യൂണിറ്റുകൾക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയില്ല.

**"സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പരിപാടി അഥവ എന്റെ ഗ്രാമം പദ്ധതി" യുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.**

1. ജനറൽ വിഭാഗത്തിൽപ്പെട്ട സംരംഭകർ പ്രോജക്റ്റ് കോസ്റ്റിന്റെ 10% സ്വന്തം മുതൽമുടക്കായി പദ്ധതിയിൽ നിക്ഷേപിക്കുകയോ വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്. മറ്റു വിഭാഗങ്ങൾക്ക് ഇത് 5% ആയിരിക്കും.

2. ജനറൽ വിഭാഗത്തിൽപ്പെട്ട സംരംഭകർ പ്രോജക്റ്റ് കോസ്റ്റിന്റെ 90% തുക ദേശസാൽകൃത, ഷെഡ്യൂൾഡ്, സഹകരണ ബാങ്കുകളിൽ നിന്നോ മറ്റ് സർക്കാർ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പയായി ലഭ്യമാക്കണം. മറ്റു വിഭാഗങ്ങൾക്ക് ഇത് 95 % ആയിരിക്കും.

3. ഖാദി ഗ്രാമവ്യവസായ കമ്മീഷൻ നെഗറ്റീവ് ലിസ്റ്റിൽപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന വ്യവസായങ്ങൾ ഒഴികെ ഏതു വ്യവസായങ്ങൾക്കും അപേക്ഷിക്കാം.

എ. മൽസ്യ – മാംസ്യാദികളിധിഷ്ഠിതമായവ, മദ്യം ലഹരി പദാർത്ഥങ്ങൾ, പുകയില സംബന്ധമായ കള്ള് ചെത്ത്,മദ്യ-മാംസ വിഭവങ്ങൾ ലഭിക്കുന്ന ഹോട്ടൽ വ്യവസായം മുതലായവ.

ബി. തേയില കാപ്പി, റബ്ബർ മുതലായവയുടെ കൃഷി പട്ടുനൂൽപുഴു വളർത്തൽ, മൃഗസംരക്ഷമം (ഉദാഹരണം - പച്ചക്കറി കൃഷി, പന്നി, കോഴി, കന്നുകാലി വളർത്തൽ) കൃത്രിമ കോഴിക്കുഞ്ഞുല്പാദനം, യന്ത്രങ്ങളുടേയും കൊയ്ത്തു യന്ത്രങ്ങളുടേയും നിർമ്മാണം തുടങ്ങിയവ.

സി. 20 മൈക്രോണിൽ താഴെ കനമുള്ളതോ നിരോധിക്കപ്പെട്ടതോ ആയ പോളിത്തീൻ ബാഗുകൾ, പുനപ്രക്രീയയിലൂടെ നിർമ്മിക്കുന്ന പ്ലാസ്റ്റിക് പാത്രങ്ങളും, ഉപകരണങ്ങളും പരിസരമലീനീകരണം ഉണ്ടാക്കുന്ന മറ്റു പദാർത്ഥങ്ങളുടെ നിർമ്മാണവും സംഭരണവും.

ഡി. ഖാദി,നൂൽപ്, നെയ്ത്ത് തുടങ്ങിയവ

ഇ. ഗതാഗത വാഹനങ്ങൾ.

SO